ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 23.04.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കശ്മീർ താഴ്വരയിൽ സുരക്ഷ ശക്തമാക്കി. സൗദി സന്ദർശനം വെട്ടിച്ചുരുക്കി ഡൽഹിയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി സ്ഥിതിഗതികൾ അവലോകനം ചെയ്തു.

**Security beefed up across Kashmir valley after terror attack in Pahalgam; Prime Minister Narendra Modi returns New Delhi, cutting short his Saudi Arabia visit; holds review meeting with External Affairs Minister and top official**

2) സാഹചര്യങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പഹൽഗാമിലെത്തി. ആക്രമണത്തെ ശക്തമായി അപലപിച്ച് പ്രമുഖ നേതാക്കളും, ലോകരാജ്യങ്ങളും.

**Union Home Minister Amit has reached Pahalgam to take first hand account of the security situation in the wake of terror attack. World leaders and Leaders across party lines have strongly condemned the terror attack**

3) ജമ്മുകശ്മീരിലുള്ള മലയാളി യാത്രികർ സുരക്ഷിതരാണെന്ന് നോർക്ക. ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി രാമചന്ദ്രൻറെ ഭൗതിക ദേഹം വൈകുന്നേരത്തോടെ വീട്ടിലെത്തിക്കും.

Keralites stranded in Jammu Kashmir are safe, says Norka CEO Ajit Kolassery. Body of the Kochi resident N. Ramachandran who is killed in Pahalgam terror attack to be brought home, this evening.

4) വിനോദസഞ്ചാരികളെ മടക്കിയെത്തിക്കുന്നതിനായി ശ്രീനഗറിൽ നിന്ന് കൂടുതൽ വിമാനസർവീസുകൾ ആരംഭിക്കാനൊരുങ്ങി കേന്ദ്ര വ്യോമയാന മന്ത്രാലയം.

Four special flights from Srinagar to Delhi and Mumbai have been arranged today in view of Pahalgam Terror Attack. Additional flights have also been kept on standby to cater to further evacuation of tourist as per the need.

5) ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലേക്കുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന് സംസ്ഥാനത്ത് തുടക്കമായി.

Distribution of school textbooks under the new syllabus for first to ninth grade started in Kerala today.

6) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -മുംബൈ ഇന്ത്യൻസിനെ നേരിടും

In IPL Sunrisers Hyderabad will take on Mumbai Indians today.

&&&&&&&&&&&&&&&&&&

## HEADLINE-1

### PAHALGAM

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കശ്മീർ താഴ് വരയിൽ സുരക്ഷ അതിശക്തമാക്കി. ബൈസരനിൽ വിനോദസഞ്ചാരികൾക്ക് നേരെ ഇന്നലെ വൈകുന്നേരം ഭീകരർ വെടിയുതിർക്കുകയായിരുന്നു. ആക്രമണത്തിൽ നിരവധി പേർക്ക് ജീവൻ നഷ്ടമാവുകയും, ഒട്ടേറെപ്പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ശ്രീനഗറിൽ നിന്ന് ഏകദേശം 85 കിലോമീറ്റർ അകലെയാണ് ആക്രമണം നടന്നത്. മൃതദേഹങ്ങൾ ശ്രീനഗറിൽ നിന്നും

പ്രത്യേക വിമാനത്തിൽ സ്വദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭീകരരെ കണ്ടെത്താൻ സുരക്ഷാ സേന തിരച്ചിൽ ശക്തമാക്കി. കർശന സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രധാന സ്ഥലങ്ങളിലും ദ്രുത പ്രതികരണ സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. പഹൽഗാമിലും,അനന്ത്നാഗിലും, കുൽഗാമിലും, മറ്റ് ദക്ഷിണ കശ്മീർ ജില്ലകളിലും സുരക്ഷ കർശനമാക്കിയിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

**<u>PM Modi</u>**

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സൗദി സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ ഡൽഹിയിൽ മടങ്ങിയെത്തി. വിദേശകാര്യമന്ത്രി എസ് ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി എന്നിവരെ ഡൽഹി വിമാനത്താവളത്തിൽ നേരിൽക്കണ്ട് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-2

**<u>J K-HM-UPDATE</u>**

ഭീകരാക്രമണത്തെക്കുറിച്ച് നേരിട്ട് വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പഹൽഗാമിലെത്തി. ആക്രമണമുണ്ടായ ബൈസരൻ വനമേഖല അദ്ദേഹം സന്ദർശിക്കുകയാണ്. പരിക്കേറ്റ് അനന്ത്നാഗ് ആശുപത്രിയിൽ കഴിയുന്നവരെയും കേന്ദ്രമന്ത്രി സന്ദർശിക്കും. ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് അദ്ദേഹം ശ്രീനഗറിൽ ഇന്ന് ആദരാഞ്ജലികൾ അർപ്പിച്ചിരുന്നു. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളെയും ശ്രീ അമിത് ഷാ നേരിൽക്കണ്ട് ആശ്വസിപ്പിച്ചു. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ തുടർ നടപടികൾക്ക് നേതൃത്വം നൽകുന്നതിനായി അദ്ദേഹം ഇന്നലെ രാത്രി തന്നെ ശ്രീനഗറിൽ എത്തിയിരുന്നു. മുതിർന്ന ഉദ്യാഗസ്ഥരുമായി ഉന്നത തല യോഗം ചേർന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## PARTY LEADERS – TERROR ATTACK

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള നേതാക്കൾ. മനുഷ്യത്വ രഹിതവും വേദനാജനകവുമായ സംഭവമാണിതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. ഭീകരതയ്ക്കെതിരെയുള്ള രാജ്യത്തിന്റെ പോരാട്ടം അചഞ്ചലമാണെന്നും കൂടുതൽ ശക്തിയോടെ മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. സാധാരണക്കാരെ ലക്ഷ്യം വച്ചുള്ള ആക്രമണം അങ്ങേയറ്റം ഭീരുത്വപരമെന്നാണ് രാജ്യരക്ഷാമന്ത്രി രാജാനാഥ് സിംഗ് പറഞ്ഞു. ആക്രമണം അങ്ങേയറ്റം അപലപനീയമാണെന്ന് കേന്ദ്രമന്ത്രി ജെപി നഡ്ഡ പ്രതികരിച്ചു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ പോരാടുന്നതിൽ രാജ്യം മുഴുവൻ ഒറ്റക്കെട്ടാണെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ വ്യക്തമാക്കി. പഹൽഗാമിലെ ഭീകരാക്രമണം അങ്ങേയറ്റം അപലപനീയവും ഹൃദയഭേദകവുമാണെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അഭിപ്രായപ്പെട്ടു. കേന്ദ്രമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിമാർ തുടങ്ങി നിരവധി നേതാക്കൾ ഭീകരാക്രമണത്തെ ശക്തമായ രീതിയിൽ അപലപിച്ചു.

&&&&&&&&&&&&&&&&&&

## JK ATTACK – WORLD LEADERS

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ലോക നേതാക്കൾ. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ടെലിഫോണിലൂടെ അനുശോചനം അറിയിച്ചു. അക്രമികളെ നിയമത്തിനു മുന്നിലെത്തിക്കാൻ അമേരിക്കയുടെ പരിപൂർണ്ണ പിന്തുണ ട്രംപ് ഉറപ്പ് നൽകി. ഇന്ത്യാ സന്ദർശനം തുടരുന്ന യുഎസ് വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസും ആക്രമണത്തിൽ ദുഃഖം രേഖപ്പെടുത്തി. ക്രൂരമായ ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഒരു ന്യായീകരണവുമില്ലെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ പറഞ്ഞു. യുഎഇ, ഇറാൻ തുടങ്ങിയ രാജ്യങ്ങളും ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പം നിലകൊള്ളുന്നതായി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു

വ്യക്തമാക്കി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് എന്നിവരും ആക്രമണത്തെ അപലപിച്ചു. മുസ്ലീം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഷെയ്ഖ് ഡോ. മുഹമ്മദ് ബിൻ അബ്ദുൾകരീം അൽ-ഇസ്സ ജിദ്ദയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ച് ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നതായി അറിയിച്ചു. ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെ, നേപ്പാൾ പ്രധാനമന്ത്രി കെ പി ശർമ്മ ഒലി തുടങ്ങിയവരും ഭീകരാക്രമണത്തെ അപലപിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-3

### NORKA CEO ( INTRO )

***കേരളത്തിൽ നിന്നും ജമ്മുകശ്മീരിലെത്തിയ എംഎൽഎമാർ, ഹൈക്കോടതി ജഡ്ജിമാർ ഉൾപ്പെടെയുള്ള മലയാളികളെല്ലാം സുരക്ഷിതരാണെന്ന് നോർക്കാ റൂട്ട്സ്, സിഇഒ അജിത് കോലശേരി. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി രാമചന്ദ്രൻറെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായും നോർക്കാ റൂട്ട്സ് CEO ആകാശവാണി വാർത്തകളോട് പറഞ്ഞു.***

***( വോയിസ്....)***

&&&&&&&&&&&&&&&&&&

## JK helpline

ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് കശ്മീർ താഴ്വരയിലെ കട കമ്പോളങ്ങളും, പ്രാദേശിക വ്യാവസായിക, നിർമ്മാണ യൂണിറ്റുകളും പൂർണ്ണമായും അടച്ചിട്ടിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ പ്രവർത്തിക്കുന്നില്ല. വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച് കശ്മീരിലെ വ്യാപാര, സാമൂഹിക സംഘടനകളുൾപ്പെടെ രംഗത്ത് വന്നിട്ടുണ്ട്. ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീനഗറിലും അനന്ത്നാഗിലും വിനോദസഞ്ചാരികൾക്കായി ജമ്മു കശ്മീർ സർക്കാർ 24 മണിക്കൂറും

അടിയന്തര സഹായ കേന്ദ്രം തുറന്നു. ശ്രീനഗറിലെ അടിയന്തര കൺട്രോൾ റൂമിലേക്ക്- 0194-2457543, 2483651 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

&&&&&&&&&&&&&&&&&&

# HEADLINE-4

## AIRLINES-J K

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീനഗറിൽ നിന്ന് ഡൽഹിയിലേക്കും മുംബൈയിലേക്കും കൂടുതൽ വിമാനസർവീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രി കെ റാം മോഹൻ നായിഡു ആഭ്യന്തര മന്ത്രി അമിത് ഷായുമായി ചർച്ച നടത്തി. ടിക്കറ്റ് നിരക്കുകൾ ഉയരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. ഡൽഹിയിലേക്കും മുംബൈയിലേക്കുമായി ഇതുവരെ നാല് അധിക വിമാനസർവീസുകളാണ് ക്രമീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ സർവീസുകൾ അനുവദിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത് എയർ ഇന്ത്യയും ഇൻഡിഗോയും ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ ഇന്ന് ശ്രീനഗറിൽ നിന്ന് പ്രത്യേക വിമാനസർവീസുകൾ നടത്തുന്നുണ്ട്. കുടുങ്ങിക്കിടക്കുന്ന വിനോദസഞ്ചാരികളെ തിരികെ എത്തിക്കുന്നതിന് ശ്രീനഗിറിൽ നിന്നുള്ള വിമാനസർവ്വീസുകൾ വർദ്ധിപ്പിക്കാൻ ഡി ജി സി എ വിമാനക്കമ്പനികൾക്ക് നിർദ്ദേശവും നൽകി.

&&&&&&&&&&&&&&&&&&

## J K-INFILTRATORS OPERATION

അതിനിടെ, ജമ്മു കശ്മീരിലെ ബാരാമുള്ള ജില്ലയിലെ നിയന്ത്രണ രേഖയോട് ചേർന്നുള്ള ഉറി നളയിൽ നുഴഞ്ഞു കയറാൻ ശ്രമിച്ച രണ്ട് ആയുധധാരികളെ സൈന്യം വധിച്ചു. പുലർച്ചെ മൂന്നോളം ഭീകരർ നുഴഞ്ഞുകയറാൻ ശ്രമിച്ചെങ്കിലും സുരക്ഷാസേന ഇവർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. ഭീകരരിൽ നിന്ന് വലിയ തോതിൽ ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തതായി സൈനിക വക്താവ് അറിയിച്ചു.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

&&&&&&&&&&&&&&&&&&

**PM SAUDI VISIT ( INTRO )**

*പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സൗദി സന്ദർശനത്തിൽ, തന്ത്ര പ്രധാന പങ്കാളിത്ത കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ധാരണയായതായി സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ സുഹെൽ അജാസ് ഖാൻ. പ്രതിരോധ സഹകരണത്തിനും ടൂറിസം, സാംസ്കാരിക രംഗങ്ങളിലെ സഹകരണത്തിനുമായി പങ്കാളിത്ത കൗൺസിലിൽ രണ്ട് പുതിയ സമിതികൾ രൂപീകരിക്കാനും തീരുമാനമായി. ഇന്ത്യയിൽ സംയുക്ത സംരംഭങ്ങളായി രണ്ട് എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കാനും ഇരു നേതാക്കളും തീരുമാനിച്ചതായി ഇന്ത്യൻ അംബാസഡർ പറഞ്ഞു.*

*( വോയിസ്....)*

*ബഹിരാകാശം, ആരോഗ്യം, ആൻറി ഡോപ്പിങ് ഉൾപ്പെടെ നാല് പ്രധാന കരാറുകളിലും ഇന്ത്യയും സൗദിയും ഒപ്പു വച്ചു.*

&&&&&&&&&&&&&&&&&&

**SITHARAMAN-RETURN**

ജമ്മു കശ്മീർ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ, കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ യുഎസ്, പെറു സന്ദർശനം വെട്ടിച്ചുരുക്കി. ഈ പ്രതിസന്ധി ഘട്ടത്തിൽ രാജ്യത്തെ ജനങ്ങളോടൊപ്പം നിൽക്കാൻ കേന്ദ്രമന്ത്രി ഇന്ത്യയിലേക്ക് മടങ്ങുകയാണെന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 20 മുതൽ 30 വരെയായിരുന്നു ശ്രീമതി നിർമല സീതാരാമൻറെ വിദേശ സന്ദർശനം.

&&&&&&&&&&&&&&&&&&

## HEADLINE-5

**BOOK RELEASE**

കേരള സിലബസ് സ്കൂളുകളിലെ ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലെ 2025 -26 അധ്യയന വർഷത്തെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന് തുടക്കമായി. വിതരണോദ്ഘാടന ചടങ്ങ് തിരുവനന്തപുരം കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. എല്ലാ ക്ലാസുകളിലുമായി 3.8 കോടി പുസ്തകമാണ് ഇതുവരെ അച്ചടിച്ചത്. എട്ടാം ക്ലാസ് വരെ കുട്ടികൾക്ക് പുസ്തകം സൗജന്യമാണ്.

&&&&&&&&&&&&&&&&&&

## KOTTAYAM MURDER

കോട്ടയം തിരുവാതുക്കൽ വ്യവസായിയെയും ഭാര്യയെയും കൊലപ്പെടുത്തിയ കേസിൽ പ്രതി അസം സ്വദേശി അമിത് ഒറാങ്ങിനെ അറസ്റ്റുചെയ്തു. തൃശ്ശൂർ മാളയിൽനിന്നാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലും, പോലീസ് ക്ലബ്ബിലും എത്തിച്ച ശേഷം തെളിവെടുപ്പിനായി കൊണ്ടുപോകും.

&&&&&&&&&&&&&&&&&&

# HEADLINE-6

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്‌സ് 479 പോയിന്റ് നേട്ടത്തിൽ 80,041 ലും. ദേശീയ ഓഹരി സൂചിക നിഫ്റ്റി 123 പോയിന്റ് ഉയർന്നു 24,302 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 275 രൂപ കുറഞ്ഞ് 9,015 രൂപയും, പവന് 2,200 രൂപ താഴ്ന്ന് 72,120 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&